**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 22 | 28-05-2019-ൽ മറുപടിയ്ക്ക്

## ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം

**ചോദ്യം**
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലും ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ബി) | സർക്കാർ ഓഫീസുകളിൽ ആധാർ അധിഷ്ഠിത സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് NIC, SPARK, KELTRON അധികൃതമായി ചർച്ച നടത്തുകയും സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വകുപ്പിലും വകുപ്പിന് കീഴിലും വരുന്ന എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം കൃത്യമായി നടപ്പിലാക്കേണ്ട ചുമതല അതാത് വകുപ്പ് സെക്രട്ടറിയ്ക്കും, വകുപ്പ് മേധാവിക്കുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽ മൂന്ന് മാസത്തിനകവും മറ്റ് ഓഫീസുകളിൽ ആറ് മാസത്തിനകവും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ